പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 4532

18/05/2017 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൻെറയും വിവിധ പദ്ധതികളുടെയും പുരോഗതി യഥാസമയം അവലോകനം ചെയ്യുന്നതിനായി പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡ് (റിയാബ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുന:സംഘടിപ്പിച്ചിട്ടുണ്ട്.<br><br>റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റ് സ്ഥപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് ഈ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.<br><br>ഇതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണനസാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, |

സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുന:രുദ്ധാരണം,പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതുമൂലം പ്രസ്തുത സ്ഥാപനങ്ങളുടെ വളർച്ച മുൻ വർഷങ്ങളെക്കാൾ എത്ര ശതമാനം വർദ്ധിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2016-17 സാമ്പത്തിക വർഷാവസാനം 13 സ്ഥാപനങ്ങൾ ലാഭത്തിലും, 27 സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു. ഈ കാലയളവിൽ ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കിയ സ്ഥാപനം KMML ആണ്. KMML-ന്റെ ലാഭം 40.37 കോടിരൂപയായി ഉയർത്തുവാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തേതിൽ നിന്നും ഈ വർഷം സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു. 17 സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചു കൊണ്ടുവരുവാൻ സാധിച്ചു |
| (സി) | ആഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിൽ 2016-2017 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു ; ഏതൊക്കെ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചു ; വ്യക്തമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ